"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- മൈനിങ് & ജിയോളജി- ജീവനക്കാര്യം- മൈനിങ് ആൻഡ് ജിയോളജി ഡയറക്ടറുടെ കാര്യാലയത്തിലെ 5 ക്ലാർക്ക് തസ്തികകൾ ജില്ലാ ഓഫീസുകളിലേക്ക് പുനർ വിന്യസിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

G.O.(Rt)No.289/2026/ID തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. 7.08.2017 തീയതിയിലെ G.O. (P) No. 102/2017/FIN
2. പതിനഞ്ചാം കേരള നിയമസഭ- സബ്ജക്റ്റ് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും)-10/06/2024 തീയതിയിൽ ലഭ്യമാക്കിയ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2024-2025)
3. 28/10/2025 തീയതിയിൽ മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 1633/2022/ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മൈനിങ് & ജിയോളജി വകുപ്പിലെ ജോലിഭാരം കണക്കിലെടുത്ത് ക്ലർക്കുമാരുടെ 14 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശം 2- പ്രകാരം നിയമസഭാ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരം എല്ലാ ജില്ലാ ഓഫീസുകളിലും അധികമായി ഒരു ക്ലർക്ക് തസ്തിക കൂടി സൃഷ്ടിക്കുന്നതിലേക്ക് ഡി.എം.ജി പ്രോപ്പോസൽ സമർപ്പിച്ചിരുന്നു. മേൽ ശിപാർശ വിശദമായി പരിശോധിച്ചതിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ നിലവിലെ പ്രതിസന്ധി മറികടക്കാൻ താത്കാലികമായി തസ്തിക പുനർവിന്യാസം ചെയ്ത് നികത്തുന്നതിലെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദേശം നല്കുകയും അപ്രകാരം പരാമർശം (3) പ്രകാരം മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ജില്ലാ ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് നിലവിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നും മൂന്നു ക്ലർക്കുമാരെ തിരുവനന്തപുരം, മലപ്പുറം, എറണാകുളം എന്നീ ജില്ലാ ഓഫീസുകളിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടെന്നും ടി മൂന്നു തസ്തികകളും പ്രസ്തുത ജില്ലാ ഓഫീസുകളിലേക്ക് പുനർ വിന്യസിക്കാവുന്നതാണെന്നും താരതമ്യേന ജോലിഭാരം കുറവുള്ള ആസ്ഥാന കാര്യാലയത്തിലെ ഓഡിറ്റ്, ടെക്നിക്കൽ എന്നീ സെക്ഷനുകളിൽ നിന്നും ഓരോ ക്ലർക്ക് തസ്തിക കൂടി (മൊത്തം അഞ്ച് തസ്തികകൾ) ജോലിഭാരം കൂടുതലുള്ള പാലക്കാട്, കോഴിക്കോട് ജില്ലാ ഓഫീസുകളിലേക്കും പുനർ വിന്യസിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിങ് & ജിയോളജി വകുപ്പിലെ

ആസ്ഥാന കാര്യാലയത്തിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്ന 3 എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ ഓരോന്നു വീതം തിരുവനന്തപുരം, മലപ്പുറം, എറണാകുളം ജില്ലാ ഓഫീസുകളിൽ സ്ഥിരമായി പുനർ വിന്യസിച്ചും ആസ്ഥാന കാര്യാലയത്തിലെ ഓഡിറ്റ്, ടെക്നിക്കൽ എന്നീ സെക്ഷനുകളിൽ നിന്നും ഓരോ ക്ലാർക്ക് തസ്തിക ജോലിഭാരം കൂടുതലുള്ള പാലക്കാട്, കോഴിക്കോട് ജില്ലാ ഓഫീസുകളിലേക്കും പുനർ വിന്യസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY

സെക്രട്ടറി, കേരള നിയമസഭ
മൈനിങ് & ജിയോളജി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ധനകാര്യ വകുപ്പ് (U/O (f) No. I&PW-A1/91/2025-FIN)
വ്യവസായ (പി. എസ്.) വകുപ്പ്
ജില്ലാ ജിയോളജിസ്റ്റ് ( തിരുവനന്തപുരം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്)
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 10-03-2026 14:14:49

പകർപ്പ്:
1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി. എസ്.-ന്
2. വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-ക്ക്
3. വ്യവസായ (എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.-ക്ക്
4. വ്യവസായ (എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്